## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 775** 11.07.2016- ൽ മറുപടിക്ക്

# കല്ല്യാശ്ശേരി മണ്ഡലത്തിൽ വൺ ടൈം മെയിന്റനൻസിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച റോഡ് പ്രവൃത്തി

**ചോദ്യം**

**ശ്രീ. റ്റി. വി. രാജേഷ്**

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ വൺ ടൈം മെയിന്റനൻസിൽ ഉൾപ്പെടുത്തി ആകെ രണ്ട് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച 16 ഗ്രാമീണ റോഡുകളിൽ പ്രവൃത്തി പൂർത്തിയായ റോഡുകൾ ഏതൊക്കെയെന്നും മറ്റുള്ള റോഡുകളുടെ പ്രവർത്തന പുരോഗതി എവിടെ വരെയായിയെന്നും അറിയിക്കുമോ ; റോഡ് പ്രവൃത്തി എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

**മറുപടി**

**ശ്രീ. ജി. സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ വൺ ടൈം മെയിന്റനൻസിൽ ഉൾപ്പെടുത്തി ആകെ രണ്ട് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച 16 ഗ്രാമീണ റോഡുകളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

I. പ്രവൃത്തി പൂർത്തീകരിച്ച റോഡുകൾ

1. മണക്കര മുതുകുട എൽ.പി സ്കൂൾ റോഡ് (പട്ടുവം ഗ്രാമ പഞ്ചായത്ത്) -
2. ചെറുകുളക്കാട് - മുരിയത്തോട് - അരിയിൽ ഹരിജൻ കോളനി (പട്ടുവം ഗ്രാമ പഞ്ചായത്ത്)
3. ചന്തപ്പുര – ചെറുവിച്ചേരി അമ്പലം റോഡ് (കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്ത്)
4. ചന്തപ്പുര – തെക്കേക്കര – വിളയാംകോട് റോഡ് (കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്ത്)

II. കയ്യം - വെള്ളിക്കീൽ പള്ളി റോഡ് (പട്ടുവം ഗ്രാമ പഞ്ചായത്ത്) പ്രവൃത്തി തുടങ്ങിയെങ്കിലും ഫിഷറീസ് വകുപ്പിന്റെ ഒരു പ്രവൃത്തി പ്രസ്തുത റോഡുമായി

ബന്ധപ്പെട്ട് നടന്നുവരുന്നതിനാലും കാലവർഷം ആരംഭിച്ചതിനാലും പൂർത്തീകരിക്കാൻ സാധിച്ചില്ല

മറ്റുള്ള 11 പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും കരാറുകാർ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. 2016 നവംബർ അവസാനത്തോടെ ടി പ്രവൃത്തികൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ